# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ –**1176** — **14.06.2012** ൽ മറുപടിക്ക്

## പേരാമ്പ്ര ബൈപ്പാസ് നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | പേരാമ്പ്ര ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച പുതിയ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ടോ ; | (എ) & (ബി) | പേരാമ്പ്ര ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച പുതിയ അലൈൻമെന്റ് 14/10/2010 ന് അംഗീകരിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഉണ്ടെങ്കിൽ അലൈൻമെന്റ് അംഗീകരിച്ചത് എപ്പോഴാണെന്നും അതിന്റെ പകർപ്പും ലഭ്യമാക്കുമോ ; | | |
| (സി) | പ്രസ്തുത ബൈപ്പാസ് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (സി) | പ്രസ്തുത ബൈപ്പാസ് റോഡിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി ചീഫ് എൻജിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (ഡി) | ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ; | (ഡി) & (ഇ) | ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് റവന്യൂവകുപ്പ് മുഖേന 30/04/2012 ന് പൊതുമരാമത്ത് വകുപ്പിൽ ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ എപ്പോൾ ലഭിച്ചു എന്നും വെളിപ്പെടുത്തുമോ ; | | |
| (എഫ്) | ലാന്റ് അക്വിസിഷൻ സംബന്ധിച്ച് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എഫ്) | റവന്യൂ വകുപ്പിന്റെ 03/05/2012 ലെ ജി.ഒ(എം.എസ്) നം.182/2012/ആർ.ഡി. പ്രകാരം ലാന്റ് അക്വിസിഷൻ സംബന്ധിച്ച് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). പ്രസ്തുത ഉത്തരവുപ്രകാരം ലാന്റ് അക്വിസിഷൻ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടത് റവന്യൂ വകുപ്പാണ്. |

| | | | |
|---|---|---|---|
| ജി) | പ്രസ്തുത റോഡിന്റെ പുതിയ അലൈൻമെന്റ് അംഗീകരിച്ചതിന്റെ ഭാഗമായുള്ള ലാന്റ് അക്വിസിഷൻ നടപടികൾക്ക് കാലതാമസം നേരിടുന്നതായി കരുതുന്നുണ്ടോ ; | (ജി) & (എച്ച്) | ഉണ്ട്. ലാന്റ് അക്വിസിഷൻ സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ 03/05/2012 ലെ ജി.ഒ(എം.എസ്) നം.182/ 2012/ആർ.ഡി. പ്രകാരം പുറപ്പെടുവിച്ച പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായുള്ള പുതുക്കിയ പ്രൊപ്പോസൽ ചീഫ് എൻജിനീയറിൽനിന്നും ജില്ലാ കളക്ടർ മുഖേന ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കി എത്രയും വേഗം സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എച്ച്) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്